പതിമൂന്നാം കേരള നിയമസഭ
ബിൽ നമ്പർ 175

# 2013-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2013

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 175

# 2013-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ

# 2013-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ

2007-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2007-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി ആക്റ്റ് താഴെ കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിനാലാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2013-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 3-ാം വകുപ്പിന്റെ ഭേദഗതി.—2007-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി ആക്റ്റിലെ (2007-ലെ 7) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 3-ാം വകുപ്പിന്റെ (4)-ാം ഉപവകുപ്പിൽ (ബി) ഖണ്ഡത്തിന്റെ ക്ലിപ്തനിബന്ധനയിൽ "പത്തു വർഷമെങ്കിലും" എന്ന വാക്കുകൾക്ക് പകരം "അഞ്ചു വർഷമെങ്കിലും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

3. 7-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 7-ാം വകുപ്പിൽ,—

(എ) (ii)-ാം ഇനത്തിൽ,—

(i) (എ) ഖണ്ഡത്തിൽ, "പന്ത്രണ്ട് പൈസ" എന്ന വാക്കുകൾക്ക് പകരം "വിപണന വിലയുടെ 0.5 ശതമാനം" എന്ന വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാണ് .

(ii) (ബി) ഖണ്ഡത്തിൽ, "അഞ്ച് പൈസ" എന്ന വാക്കുകൾക്ക് പകരം "വിപണന വിലയുടെ 0.3 ശതമാനം" എന്ന വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാണ്.

(ബി) (iii)-ാം ഇനത്തിൽ,—

"പന്ത്രണ്ടുപൈസ" എന്ന വാക്കുകൾക്ക് പകരം "വിപണന വിലയുടെ 0.75 ശതമാനം" എന്ന വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

കേരള ക്ഷീരകർഷക ക്ഷേമനിധിയിൽ ഇപ്പോൾ അംഗത്വമുള്ള ക്ഷീരകർഷകരിൽ ഭൂരിപക്ഷംപേരും 2007-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി ആക്റ്റ് (2007-ലെ 7) പ്രസിദ്ധപ്പെടുത്തുന്ന തീയതിക്കുമുമ്പ് അംഗത്വമെടുത്തിട്ടുള്ളവരാണ്. 2010-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ആക്റ്റ് പ്രകാരം, ക്ഷേമനിധിയിൽ അംഗമായ ശേഷം അഞ്ച് വർഷമെങ്കിലും കുറഞ്ഞത് അഞ്ഞൂറ് ലിറ്റർ പാൽ പ്രതിവർഷം സംഘത്തിൽ അളക്കുകയും അറുപത് വയസ്സ് പൂർത്തിയാകുകയും ചെയ്ത അംഗങ്ങൾക്ക് പെൻഷൻ നൽകുന്നതിനും, 2007-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി ആക്റ്റ് (2007-ലെ 7) പ്രസിദ്ധപ്പെടുത്തുന്ന തീയതിക്ക് മുമ്പായി ക്ഷേമനിധിയിൽ അംഗമായ ഏതൊരാളിനും അയാൾ സംഘത്തിൽ അംഗമായി പത്തുവർഷമെങ്കിലും കുറഞ്ഞത് 500 ലിറ്റർ പാൽ പ്രതിവർഷം സംഘത്തിൽ അളക്കുകയും 60 വയസ്സ് പൂർത്തിയാവുകയും ചെയ്താൽ പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണെന്നും വ്യവസ്ഥ ചെയ്തിരുന്നു:

എന്നാൽ, ക്ഷേമനിധി ആക്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതിക്കുശേഷം ക്ഷേമനിധിയിൽ അംഗത്വമെടുത്ത ക്ഷീരകർഷകർക്ക്, അഞ്ച് വർഷം സംഘത്തിൽ പാൽ അളന്നാൽ, പെൻഷന് അർഹത ലഭിക്കുമ്പോൾ പ്രസ്തുത തീയതിക്കുമുൻപ് അംഗത്വമെടുത്ത ക്ഷീരകർഷകർക്ക് പെൻഷൻ ലഭിക്കുന്നതിന് പത്ത് വർഷം പൂർത്തിയാക്കണമെന്ന നിബന്ധന പ്രസ്തുത വിഭാഗത്തിന് പെൻഷൻ ലഭിക്കാതിരിക്കുന്നതിന് കാരണമാകുന്ന അവസ്ഥ സംജാതമാകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപെട്ടു. ഈ സാഹചര്യത്തിൽ 2007-ലെ ക്ഷേമനിധി ആക്റ്റ് പ്രസിദ്ധീകരിക്കുന്നതിനുമുമ്പ് ക്ഷേമനിധിയിൽ അംഗത്വമെടുത്ത ക്ഷീരകർഷകർക്ക്, പെൻഷൻ ലഭിക്കുന്നതിന് പത്ത് വർഷം വേണമെന്ന ക്ഷീരകർഷക ക്ഷേമനിധി ആക്റ്റിലെ 3-ാം വകുപ്പ് (4)-ാം ഉപവകുപ്പ് (ബി) ഖണ്ഡത്തിലെ വ്യവസ്ഥയിൽ ഭേദഗതി വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നു. ആയതിൻപ്രകാരം, പ്രസ്തുത ആക്റ്റിലെ 3-ാം വകുപ്പ് (4)-ാം ഉപവകുപ്പ് (ബി) ഖണ്ഡത്തിൽ പത്ത് വർഷമെങ്കിലും എന്ന വാക്കുകൾക്ക് പകരം അഞ്ച് വർഷമെങ്കിലും എന്ന വാക്കുകൾ ചേർക്കാൻ തീരുമാനിച്ചു. ഇപ്രകാരം ഭേദഗതി വരുത്തുന്നതുമൂലം കൂടുതൽ ക്ഷീരകർഷകർക്ക് പെൻഷന് അർഹത ലഭിക്കുന്നതാണ്.

കൂടാതെ, ക്ഷീരകർഷക ക്ഷേമനിധിയിൽ അംഗങ്ങളായ ക്ഷീരകർഷകർക്ക് നിലവിൽ മുന്നൂറ് രൂപ പ്രതിമാസം പെൻഷൻ ആയി നൽകിവരുന്നു. ഈ പെൻഷൻ തുക വർദ്ധിപ്പിക്കണമെന്ന ക്ഷീരകർഷകരുടെ ആവശ്യം പരിഗണിക്കുന്നതിനും കൂടുതൽ കർഷകരെ ക്ഷേമനിധി ആനുകൂല്യത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നു. ക്ഷീരകർഷക ക്ഷേമനിധിയിലേക്കുള്ള അംശദായം, ഓരോ സംഘവും സംഭരിച്ച് പ്രാദേശിക വിപണനം നടത്തുന്ന ഓരോ ലിറ്റർ പാലിനും

വിപണന വിലയുടെ 0.5 ശതമാനവും, സംഘം മിൽമയ്ക്കോ മേഖലാ യൂണിയനോ നൽകുന്ന ഓരോ ലിറ്റർ പാലിനും വിപണന വിലയുടെ 0.3 ശതമാനവും, മിൽമയോ മേഖലാ യൂണിയനോ വില്പന നടത്തുന്ന ഓരോ ലിറ്റർ പാലിനും വിപണന വിലയുടെ 0.75 ശതമാനവുമായി വ്യവസ്ഥ ചെയ്യാനുദ്ദേശിക്കുന്നു. ഇതിനായി പ്രസ്തുത ആക്റ്റിലെ 7-ാം വകുപ്പിലെ (ii)-ാം ഇനത്തിലും (iii)-ാം ഇനത്തിലും ഭേദഗതി വരുത്തുവാനും സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

കെ. സി. ജോസഫ്.

## 2007-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി ആക്റ്റ് (2007-ലെ 7)-ൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ

** ** ** **

3. ക്ഷീരകർഷക ക്ഷേമനിധി പദ്ധതി.—

(1) ** ** ** **

(4) നിധി താഴെ ചേർക്കുംപ്രകാരം എല്ലാമോ അല്ലെങ്കിൽ ഏതെങ്കിലുമോ ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്, അതായത്:—

(എ) ** ** ** **

(ബി) ക്ഷേമനിധിയിൽ അംഗമായശേഷം അഞ്ചുവർഷമെങ്കിലും കുറഞ്ഞത് അഞ്ഞൂറ് ലിറ്റർ പാൽ പ്രതിവർഷം സംഘത്തിൽ അളക്കുകയും അറുപത് വയസ്സ് പൂർത്തിയാവുകയും ചെയ്ത അംഗങ്ങൾക്ക് പെൻഷൻ നൽകുന്നതിന്:

എന്നാൽ, 2007-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി ആക്റ്റ് (2007-ലെ 7) പ്രസിദ്ധപ്പെടുത്തുന്ന തീയതിക്കുമുമ്പായി ക്ഷേമനിധിയിൽ അംഗമായ ഏതൊരാളിനും, അയാൾ സംഘത്തിൽ അംഗമായി പത്തുവർഷമെങ്കിലും കുറഞ്ഞത് അഞ്ഞൂറ് ലിറ്റർ പാൽ പ്രതിവർഷം സംഘത്തിൽ അളക്കുകയും അറുപത് വയസ്സ് പൂർത്തിയാക്കുകയും ചെയ്താൽ, പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്.

** ** ** **

7. നിധിയിലേക്കുള്ള അംശദായം.—നിധിയിലേക്കുള്ള അംശദായം താഴെപ്പറയുന്ന നിരക്കിൽ ആയിരിക്കേണ്ടതാണ്, അതായത്:—

(i) ഓരോ ക്ഷീരകർഷകനും പ്രതിമാസം ഇരുപത് രൂപ;

(ii) ഓരോ സംഘവും,—

(എ) സംഘം സംഭരിച്ച് പ്രാദേശിക വിപണനം നടത്തുന്ന ഓരോ ലിറ്റർ പാലിനും പന്ത്രണ്ട് പൈസ;

(ബി) സംഘം മിൽമയ്ക്കോ മേഖലാ യൂണിയനോ നൽകുന്ന ഓരോ ലിറ്റർ പാലിനും അഞ്ച് പൈസ;

(iii) മിൽമയോ മേഖലാ യൂണിയനോ വില്പന നടത്തുന്ന ഓരോ ലിറ്റർ പാലിനും പന്ത്രണ്ട് പൈസ.

** ** ** **